**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 941** **14-01-2021 - ൽ മറുപടിയ്ക്ക്**

**കല്ലട ഇറിഗേഷൻ പദ്ധതി കനാലുകളുടെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ചിറ്റയം ഗോപകുമാർ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | അടൂർ നിയോജക മണ്ഡല പരിധിയിലുള്ള 'കല്ലട ഇറിഗേഷൻ പദ്ധതി'യുടെ കനാലുകൾ/ചാനലുകൾ പുനരുദ്ധാരണമില്ലാതെ വശഭിത്തികൾ തകർന്നും മാലിന്യങ്ങൾ അടിഞ്ഞും തികച്ചും പരിതാപകരമായ സ്ഥിതിയിലാണെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത ശോച്യാവസ്ഥയ്ക്ക് സമയബന്ധിത പരിഹാരം കാണുന്നതിന് അടൂർ മണ്ഡലത്തിനായി ഒരു പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; | (ബി) | മാലിന്യങ്ങൾ തള്ളാനുള്ള എളുപ്പ മാർഗ്ഗമായി സാമൂഹ്യവിരുദ്ധർ കനാലുകളെ ഉപയോഗിക്കാറുണ്ട്. അറവുമാലിന്യങ്ങൾ, പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ, കൃഷി സംബന്ധമായി ഉപയോഗിക്കപ്പെടുന്ന വാഴപ്പിണ്ടിപോലുള്ള വസ്തുക്കൾ, ശുചിമുറി മാലിന്യങ്ങൾ ഉടങ്ങിയവ കനാലിലേയ്ക്ക് തള്ളി കനാൽ ജലം മലിനപ്പെടുത്തുന്ന പ്രവണത നിരവധി മുന്നറിയിപ്പുകൾ നൽകിയിട്ടും വർദ്ധിച്ചുവരുന്നതായി കാണുന്നു. ഇതിനെതിരെ നടപടി സ്വീകരിക്കുന്നതാണ്. അടൂർ മണ്ഡലം ഉൾപ്പെടെയുള്ള കെ.ഐ.പി കനാലുകളിൽ എല്ലാ വർഷവും ജല വിതരണത്തിനു മുൻപേ ഒരു പരിധിവരെ മാലിന്യങ്ങൾ നീക്കം ചെയ്യാറുണ്ട്. കൂടാതെ കനാലുകളിലെ വശഭിത്തികൾ തകർന്ന ഉൾപ്പെടെയുള്ള അറ്റകുറ്റ പ്രവൃത്തികൾ ഫണ്ടിന്റെ ലഭ്യതയും പ്രവൃത്തിയുടെ പ്രാധാന്യവുമനുസരിച്ച് നടപ്പിലാക്കി വരുന്നു. 2019-20 സാമ്പത്തിക വർഷത്തിൽ അടൂർ നിയോജക മണ്ഡലത്തിൽ ബഡ്ജറ്റ് വിഹിതത്തിൽ 20 വാർഷിക അറ്റകുറ്റപണികളും 12 പുനരുദ്ധാരണ പ്രവൃത്തികളും SDRF-ൽ ഉൾപ്പെടുത്തി 23 പുനരുദ്ധാരണ പ്രവൃത്തികളും ചെയ്തിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റ് വിഹിതത്തിൽ 25 വാർഷിക അറ്റകുറ്റ പണികളും 2 പുനരുദ്ധാരണ പ്രവൃത്തികളും SDRF-ൽ 34 പുനരുദ്ധാരണ പ്രവൃത്തികളും നടപ്പിലാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത വിഷയം സംബന്ധിച്ച് ഒരു സമയബന്ധിത പരിശോധന അടൂർ മണ്ഡലത്തിൽ നടപ്പിലാക്കുന്നതിനുവേണ്ട സത്വര നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുമോ? | (സി) | പ്രസ്തുത വിഷയം സംബന്ധിച്ച് സമയബന്ധിത പരിശോധന നടത്താറുണ്ട്. ആയത് സംബന്ധിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകാറുണ്ട്. |

സെക്ഷൻ ഓഫീസർ